പതിനാലാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.1759 12.06.19 ൽ മറുപടിയ്ക്ക്

## വാഹന രജിസ്ട്രേഷനുകൾക്ക് ഉണ്ടാകുന്ന കാലതാമസം പരിഹരിക്കാൻ നടപടി

| ചോദ്യം<br>ശ്രീ.കെ.എൻ.എ ഖാദർ<br>ശ്രീ.എൻ. ഷംസുദ്ദീൻ<br>ശ്രീ. മഞ്ഞളാംകുഴി അലി<br>ശ്രീ. പി.കെ.ബഷീർ | | ഉത്തരം<br>ശ്രീ.എ കെ ശശീന്ദ്രൻ<br>(ഗതാഗത വകുപ്പുമന്ത്രി) | |
|---|---|---|---|
| (എ) | വാഹന രജിസ്ട്രേഷൻ നടപടിക്രമങ്ങൾ വേഗത്തിലാക്കുന്നതിനായി തയ്യാറാക്കിയ പരിവാഹൻ സോഫ്റ്റ്വെയർ നിലവിൽ വന്നശേഷം രജിസ്ട്രേഷനുകൾക്ക് അസാധാരണമായ കാലതാമസം ഉണ്ടാകുന്നതായി കണ്ടെത്തിയിട്ടുണ്ടോ; വിശദമാക്കുമോ; | (എ) | കേന്ദ്രീകൃത വെബ്ബ് അധിഷ്ഠിത സോഫ്റ്റ്വെയർ ആയ പരിവാഹൻ സംസ്ഥാനത്തെ എല്ലാ റീജിയണൽ/സബ് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസുകളിലും നടപ്പിൽ വരുത്തിയിട്ടുണ്ട്. പുതുതായി രജിസ്റ്റർ ചെയ്യുന്ന എല്ലാ വാഹനങ്ങളുടേയും അപേക്ഷ വാഹൻ സോഫ്റ്റ്വെയർ മുഖാന്തിരമാണ് സ്വീകരിക്കുകയും തുടർ നടപടികൾ കൈക്കൊള്ളുകയും ചെയ്യുന്നത്. പൂർണ്ണമായും വെബ് അധിഷ്ഠിതമായതിനാൽ, നെറ്റ്വർക്കിംഗ് സ്പീഡ് കുറവുള്ള പല ഓഫീസുകളിലും കാലതാമസം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കൂടാതെ പുതിയ സോഫ്റ്റ്വെയറിലുള്ള ജീവനക്കാരുടെ പരിചയക്കുറവ്, സോഫ്റ്റ്വെയറിലുള്ള ചില സാങ്കേതിക പ്രശ്നങ്ങൾ തുടങ്ങിയവ മൂലവും ചില കാലതാമസം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.<br>ഇവയെല്ലാം പരിഹരിക്കുന്നതിനായി ഒപ്റ്റിക്കൽ ഫൈബർ കണക്ഷനുകൾ ലഭ്യമാക്കിയും, സോഫ്റ്റ്വെയർ പ്രശ്നങ്ങൾ ഡൽഹി എൻ.ഐ.സി മുഖാന്തിരം പരിഹരിച്ചും ജീവനക്കാർക്ക് തുടർ പരിശീലന പദ്ധതികൾ ആവിഷ്കരിച്ചും കാലതാമസം ഒഴിവാക്കുവാനുള്ള നടപടികൾ കൈക്കൊള്ളുന്നുണ്ട്. |

| | | | |
|---|---|---|---|
| (ബി) | നിലവിലുണ്ടായിരുന്ന വ്യവസ്ഥകളിൽ നിന്നും വ്യത്യസ്തമായി ഇപ്പോൾ താല്ക്കാലിക രജിസ്ട്രേഷനും സ്ഥിരം രജിസ്ട്രേഷനും ഒരേ ട്രാൻസ്പോർട്ട് ഓഫീസിൽ തന്നെ ചെയ്യണമെന്ന് നിഷ്കർഷിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ; | (ബി) | വാഹന ഉടമയുടെ മേൽവിലാസത്തിൽ അധികാര പരിധിയുള്ള റീജിയണൽ/സബ് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസിൽ ആണ് വാഹനം രജിസ്റ്റർ ചെയ്യപ്പെടേണ്ടത്. എന്നാൽ പുതിയ വാഹനം താൽക്കാലികമായി രജിസ്റ്റർ ചെയ്യപ്പെടുമ്പോൾ താൽക്കാലിക രജിസ്ട്രേഷന് ഈ നിയമം നിർബന്ധിതമല്ല എന്നുള്ള നിയമം ഉപയോഗിച്ചുകൊണ്ട്, അതാത് ഡീലർമാരുടെ അടുത്തുള്ള ഓഫീസിൽ താൽക്കാലിക രജിസ്ട്രേഷൻ നടത്തുവാൻ അനുവദിച്ചിരുന്നു. എന്നാൽ കേന്ദ്രീകൃത സംവിധാനം നടപ്പിൽ വരുമ്പോൾ ഇതിന്റെ ആവശ്യം ഇല്ലാതെ വരികയും താൽക്കാലിക രജിസ്ട്രേഷനും ഉടമയുടെ ഓഫീസിൽത്തന്നെ ചെയ്യുവാനുള്ള സംവിധാനം ലഭ്യമാവുകയും ചെയ്യുന്നു. ഇതുകാരണം താൽക്കാലിക രജിസ്ട്രേഷൻ വാഹന ഉടമയ്ക്ക് വേഗത്തിൽ സർവ്വീസ് ലഭ്യമാക്കുവാനുള്ള സാഹചര്യവും സംജാതമാകുന്നു. |
| (സി) | പുതുക്കിയ വ്യവസ്ഥകൾ കാരണം വാഹന രജിസ്ട്രേഷന് ഡീലർമാരും വാഹന ഉപഭോക്താക്കളും അനുഭവിക്കുന്ന ബുദ്ധിമുട്ടുകൾ പരിഹരിക്കുവാൻ നടപടി സ്വീകരിക്കുമോ? | (സി) | പുതിയ സംവിധാനം നടപ്പിൽ വരുത്തി തുടങ്ങിയപ്പോൾ ഉണ്ടായ കാലതാമസം ഇപ്പോൾ വളരെയധികം കുറഞ്ഞിട്ടുണ്ട്. തുടർച്ചയായി നൽകപ്പെടുന്ന പരിശീലനങ്ങളും, മോണിറ്ററിംഗും കൊണ്ട് ഇനിയും വേഗത്തിൽ ആക്കുവാൻ കഴിയുന്നതാണ്. |

സെക്ഷൻ ഓഫീസർ